




## (5) സ്ത്രീകളുടെ പള്ളിപ്രവേശവും മഹല്ലിയും

സ്ത്രീകൾക്ക് അന്യപുരുഷൻമാരുടെ കൂടെ സിയാറത്ത് ടൂറുകൾ പോകാം. വ്യഭിചാരം നടക്കുമെന്നുറപ്പുള്ള നേർച്ചപ്പൂരങ്ങളിൽ അന്യപുരുഷൻമാരെ തൊട്ടുരുമ്മി കൂത്താടാം. ഇതിനൊന്നും യാതൊരു വിരോധവുമില്ല. എന്നാൽ ഒരു സ്ത്രീ ഇസ്ലാമിക വേഷംമണിഞ്ഞ് തൻെറ ഭർത്താവിൻേറയോ പിതാവിൻേറയോ സഹോദരൻമാരുടേയോ കൂടെ അല്ലാഹുവിനുള്ള ഇബാദത്ത് നിർവ്വഹിക്കാൻ പള്ളിയിൽ പോയാൽ അത് മാത്രം ഹറാം! അവിടെ മാത്രം ഫിത്ന! അപ്പോൾ മാത്രം 'ഹിജാബിൻെറ ആയത്ത്' എന്ന ഓലപ്പാമ്പ്! ഇതാണ് ഈ വിഷയത്തിലെ സമസ്ത മുസ്ല്യാക്കന്മാരുടെ നിലപാട്. എന്നാൽ ഈ 'ഹറാം' വാദത്തെ സ്വന്തം മദ്ഹബ് പോലും പിന്തുണക്കുന്നില്ലെന്നതിന് ഇവർ തന്നെ പള്ളിദർസുകളിൽ ഓതിപ്പഠിപ്പിക്കുന്ന സകലഗ്രന്ഥങ്ങളും തെളിവാണ്. ഈ വിഷയത്തെക്കുറിച്ച് മഹല്ലി പറയുന്നത് കാണുക:




(മഹല്ലി പരിഭാഷ: 2/138)

— 138 —

അബൂഉംറൂവ്ദ (റ) റിപ്പോർട്ടുചെയ്ത ഈ ഹദീസ് ബുഖാരി (റ) യുടെയും, മുസ്ലിമിൻേറയും (റ) നിബന്ധനകളനുസരിച്ച് പ്രബലമാണെന്ന് ഹാക്കിം (റ) വിശേഷിപ്പിച്ചിരിക്കുന്നു.

സ്ത്രീകൾക്ക് ഇമാമാകാൻ പുരുഷനാണ് സ്ത്രീകളെക്കാൾ ഉത്തമം. പള്ളിയിൽ പുരുഷന്മാരുടെ ജമാഅത്തിന്ന് ഹാജരാകൽ യുവതികൾക്ക് കറാഹത്താണ്. വൃദ്ധകൾ ഇതിൽനിന്നൊഴിവാണ്. 'ഫിത്ന'യുണ്ടാകുമെന്ന ഭയമാണ് യുവതികൾക്ക് കറാഹത്താകാൻ കാരണം.

കൂടുതൽ ആളുകളുള്ള പള്ളിയിലെ ജമാഅത്താണ് കുറച്ച് ആളുകളുള്ള ജമാഅത്തിനേക്കാൾ ഉത്തമം. നബി

നോക്കൂ, ഇവിടെ മഹല്ലി പറയുന്നത് 'കറാഹത്ത്' എന്നു മാത്രമാണ്. അതും യുവതികൾക്കു മാത്രം. അതാകട്ടെ 'ഫിത്ന' (കുഴപ്പം) ഉണ്ടാകുന്ന സമയത്ത് മാത്രവും. കറാഹത്ത് എന്നു പറഞ്ഞാൽ നിഷിദ്ധം എന്നോ തെറ്റ് എന്നോ അർത്ഥമില്ല. കേവലം അനഭിലഷണീയം എന്നുമാത്രം. അഥവാ ചെയ്താൽ ശിക്ഷയില്ലാത്തത് എന്നർത്ഥം. മാത്രമല്ല യുവതികളല്ലാത്തവർ ഈ വിധിയിൽ നിന്ന് പുറത്തു പോകുമെന്ന കാര്യം പ്രത്യേകം ഓർക്കുക.

ഇങ്ങനെയുള്ള കാര്യത്തിനെയാണ് ചെയ്താൽ ശിക്ഷിക്കപ്പെടും എന്നുറപ്പുള്ള 'ഹറാം' (നിഷിദ്ധം) എന്ന് മുസ്ല്യാക്കൻമാർ പ്രചരിപ്പിക്കുന്നത്. വല്ലാത്ത തൊലിക്കട്ടി തന്നെ.!

ഇനി പെരുന്നാൾ നമസ്കാരത്തെക്കുറിച്ച് ഇതേ ഗ്രന്ഥത്തിൽ പറയുന്നത് കാണുക:

(മഹല്ലി പരിഭാഷ: 2/362)



— 362 —

പുരുഷന്മാരെസ്സംബന്ധിച്ചാണിപ്പറഞ്ഞത്. സൗന്ദര്യവും ആകാരസൗഷ്ഠവവും ഉള്ളസ്ത്രീകളെസംബന്ധിച്ചേടത്തോളം പെരുന്നാൾ ജുമുഅക്ക് സന്നിഹിതരാകൽ കറാഹത്താണ്. വൃദ്ധകൾക്ക, പോകൽ സുന്നത്താണ്. അവർ കുളിച്ചു ശുദ്ധിവരുത്തണം. സുഗന്ധം പൂശരുത്. ലളിതമായവസ്ത്രം ധരിച്ചുകൊണ്ടാണ് അവർ പോകേണ്ടത് പെരുന്നാൾ നിസ്ക്കാരം പള്ളിയിൽ വെച്ചു നിർവ്വഹിക്കലാണ് അത്യുത്തമം. പള്ളിയുടെ ബഹുമതിയാണ് കാരണം

ഇവിടെയും കറാഹത്ത് എന്നു മാത്രമാണ് പറയുന്നത്. മാത്രമല്ല വൃദ്ധകൾക്ക്, അനുവദനീയം എന്ന് മാത്രമല്ല സുന്നത്ത് എന്നുകൂടി പറയുന്നു. വൃദ്ധകളായി എന്നത് കൊണ്ടൊരിക്കലും അവർ സ്ത്രീകളല്ലാതാകുന്നില്ലല്ലോ. കൂടാതെ 'ഹിജാബിൻെറ ആയത്ത്' വാദവും ഇവിടെ അപ്രസക്തമാകുന്നു.!

## (6) സ്ത്രീകളുടെ ജുമുഅ:

മുസ്‌ലിം സ്ത്രീകൾക്ക് ഇസ്‌ലാം പറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ട് പള്ളികളിൽ പോയി വെള്ളിയാഴ്ച്ചയിലെ ജുമുഅയിൽ പങ്കെടുക്കാമെന്ന കാര്യം പ്രമാണങ്ങൾ അംഗീകരിക്കുന്നതു പോലെ ശാഫിഈ മദ്ഹബും അംഗീകരിക്കുന്നുണ്ട്. മഹല്ലി തന്നെ പറയുന്നത് കാണുക:

(മഹല്ലി പരിഭാഷ: 2/307)



**ജുമുഅയുടെ ചില ചിട്ടകൾ**

ജുമുഅക്കപോകാൻ ഉദ്ദേശിക്കുന്നവർക്ക് — നിർബ്ബന്ധമായ കുളിയൊന്നും നിർവ്വഹിക്കാനില്ലെങ്കിലും—കുളിക്കൽ സുന്നത്താണ്. ജുമുഅക്കപോകുന്നവർക്കും അല്ലാത്തവർക്കും കുളി അന്നു സുന്നത്തുണ്ടെന്നും പറയപ്പെടുന്നു. ആദ്യം പറഞ്ഞതിന്നു തെളിവ് താഴെപ്പറയുന്ന ഹദീസാണ്: ബുഖാരി(റ)യും, മുസ്ലിമും (റ) റിപ്പോർട്ടുചെയ്യുന്നു—നിങ്ങളാരെങ്കിലും ജുമുഅക്കപോകുന്നുവെങ്കിൽ കുളിക്കണം''അതായതു പോകാനുദ്ദേശിക്കുന്നുവെങ്കിൽ കുളിക്കണമെന്നർത്ഥം. ഇബ്നുഹിബ്ബാൻെറ (റ) യും, അബീ ഉവാന (റ)യുടെയും താഴെ പറയുന്ന ഹദീസും ഇതിന്നു തെളിവാണ്:—

ജുമുഅക്ക്പോകുന്ന സ്ത്രീപുരുഷന്മാർ കുളിക്കണം.*''

ഇതു നിർബന്ധ കല്പനയല്ലെന്നും സുന്നത്താണെന്നും തെളിയിക്കുന്നതാണ് താഴെ പറയുന്ന ഹദീസ്:—

ഇവിടെ 'ജുമുഅക്കു പോകുന്ന സ്ത്രീ പുരുഷൻമാർ കുളിക്കണം' എന്നതിൽ നിന്നും പള്ളികളിൽ വെച്ചു നടക്കുന്ന ഏറ്റവും ശ്രേഷ്ഠമായ ആരാധനയായ ജുമുഅയിൽ സ്ത്രീകൾക്കും പങ്കെടുക്കാമെന്ന് ഗ്രഹിക്കാം. ജുമുഅക്ക് പുരുഷൻമാരുണ്ടാകും എന്ന കാര്യത്തിൽ തർക്കമില്ലല്ലോ. അപ്പോൾ അന്യപുരുഷൻമാരുള്ള പള്ളികളിൽ സ്ത്രീകൾക്ക് നമസ്കരിക്കാമെന്ന് ഇത്

വ്യക്തമാക്കുന്നു. മാത്രവുമല്ല, സ്ത്രീകളുടെ ജമാഅത്തിനെ കുറിച്ചുള്ള ചർച്ചകൾ കാണുമ്പോൾ അതെല്ലാം 'വീട്ടിലെ പള്ളി'യിൽ വെച്ചുള്ളതാണെന്ന് ദുർവ്യാഖ്യാനിക്കുന്നവർക്കുള്ള ഒരു തിരിച്ചടി കൂടിയാണ് ഈ ഉദ്ധരണി. കാരണം, ജുമുഅ നമസ്കാരം വീട്ടിൽ വെച്ചല്ല നടക്കാറുള്ളത് എന്ന് ഈ ദുർവ്യാഖ്യാനവീരന്മാരും സമ്മതിക്കുന്നതാണല്ലോ. ചുരുക്കത്തിൽ സമസ്തക്കാരുടെ പല ദുർവ്യാഖ്യാനങ്ങളെയും ചവറ്റുകൊട്ടയിലേക്ക് എറിയുകയാണ് ഈ ഒറ്റ ഉദ്ധരണി മാത്രം ചെയ്യുന്നത്.

ഇനി സ്ത്രീകൾ ജുമുഅയിൽ പങ്കെടുത്താൽ അത് സാധുവാകുമോ എന്ന് നമുക്ക് പരിശോധിക്കാം. മഹല്ലി തന്നെ മറ്റൊരു സ്ഥലത്ത് പറയുന്നത് കാണുക:

(മഹല്ലി പരിഭാഷ: 2/269)




— 269 —

ജുംഅ നിർബ്ബന്ധമില്ലാത്ത കുട്ടി, സ്ത്രീ, അടിമ, യാത്രക്കാരൻ എന്നിവരെപ്പോലെയുള്ളവരുടെ ജുമുഅ നിസ്കാരം സാധുവാകും. മാനസിക രോഗിയുടെ ജുമുഅ സാധുവാകയില്ല. ജുമുഅ നിർബ്ബന്ധമുള്ളവരിൽ നിന്നു അതു സാധുവാകുമെങ്കിൽ അതു നിർബന്ധമില്ലാത്തവരിൽനിന്നും സാധുവാകുമെന്ന കാര്യം പറയേണ്ടതില്ലല്ലോ. ജുംഅ, നിർബ്ബന്ധമില്ലാത്തവർക്കും അതിൽ പങ്കെടുത്താൽ പിന്നെ ളുഹർ നിർബന്ധമില്ല. യാത്രക്കാരൻ, അടിമ, കുട്ടി, എന്നിവർക്കെല്ലാം ജുമുഅക്കു പോകൽ സുന്നത്താണ്. വൃദ്ധന്മാർക്കും സുന്നത്താണെന്നു ശറഹുൽ മുഹദ്ദബിൽ 'ബൻതനീജി' (റ)യിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു.

സ്ത്രീകൾക്ക് ജുമുഅ നിർബന്ധമില്ലെന്നും അനുവദനീയം മാത്രമാണെന്നും അതിനാൽ അവർ ജുമുഅയിൽ സംബന്ധിച്ചാൽ അത് സ്വീകാര്യമാണെന്നും മേൽ ഉദ്ധരണികളിൽ നിന്നും തെളിഞ്ഞുവല്ലോ.

## (7) സ്ത്രീകൾക്ക് ഗ്രഹണനമസ്കാരം

പള്ളികളിൽ വെച്ച് നടക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു സുന്നത്ത് നമസ്കാരമാണ് ഗ്രഹണ നമസ്കാരം. പ്രസ്തുത നമസ്കാരത്തിൽ പുരുഷൻമാരെപ്പോലെത്തന്നെ സ്ത്രീകൾക്കും പങ്കെടുക്കാവുന്നതാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. മഹല്ലിതന്നെ ഇക്കാര്യം പറയുന്നത് കാണുക:

(മഹല്ലി പരിഭാഷ: 2/378)




— 378 —

ഗ്രഹണനിസ്കാരം ജമാഅത്തായി നിർവ്വഹിക്കൽ സുന്നത്താണ്. സൂര്യഗ്രഹണ നിസ്കാരത്തിനു മുമ്പ് നബി തിരുമേനി(സ) ചെയ്തപോലെ — 'അസ്സ്വലാത്തു ജാമിഅ' എന്നു വിളിച്ചുപറയലും സുന്നത്താണ്. അങ്ങിനെ വിളിച്ചു പറയാൻ നബിതിരുമേനി(സ) ഒരാളെ നിയോഗിക്കുകയുണ്ടായി. ഇതു രണ്ടും (ജമാഅത്തായി നിർവ്വഹിച്ചതും, വിളിച്ചു പറഞ്ഞതും) ശൈഖാനി[റ] റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഒററക്കു നിസ്കരിക്കുന്നവർക്കും, അടിമകൾക്കും, സ്ത്രീകൾക്കും, യാത്രക്കാർക്കുമെല്ലാം ഗ്രഹണ നിസ്കാരം സുന്നത്തുണ്ട്. ഇക്കാര്യം ശറഹുൽ മുഹദ്ദബിൽ പറഞ്ഞിട്ടുണ്ട്. ജുമുഅത്തു പള്ളിയിൽ വെച്ചു നിർവ്വഹിക്കലും സുന്നത്താണ്. ചന്ദ്രഗ്രഹണ നിസ്കാരത്തിൽ ഉറക്കെയും സൂര്യഗ്രഹണ നിസ്കാരത്തിൽ പതുക്കെയും ഓതണം. കാരണം, ആദ്യത്തേതു രാത്രിയും, മറേറതു പക

ഇവിടെ ഗ്രഹണനമസ്കാരം പള്ളിയിൽ വെച്ച് നമസ്കരിക്കണമെന്നും ഗ്രഹണ നമസ്കാരത്തിൽ സ്ത്രീകൾക്കും പങ്കെടുക്കൽ സുന്നത്തുണ്ടെന്നും വ്യക്തമായിത്തന്നെ മഹല്ലി പഠിപ്പിക്കുന്നു.

## (8) സ്ത്രീകൾ പള്ളിയിൽ എവിടെ നിൽക്കണം?

സ്ത്രീകൾക്ക് പള്ളിയിൽ വന്ന് നമസ്കരിക്കാമെന്ന് മഹല്ലിയിൽ നിന്നുതന്നെ നാം ഗ്രഹിച്ചു. ഇനി നമസ്കാരങ്ങൾക്ക് വരുന്ന സ്ത്രീകൾ എവിടെയാണ് നിൽക്കേണ്ടത് എന്ന കാര്യവും ഫുഖഹാക്കൾ ചർച്ച ചെയ്തിട്ടുണ്ട്. മഹല്ലി തന്നെ അത് വിശദീകരിക്കുന്നത് കാണുക:

(മഹല്ലി പരിഭാഷ: 2/183)




— 183 —

തുടരാൻ രണ്ടാമത്തെ ആൾ വരുന്നത് അത്തഹിയ്യാത്തിലോ, സുജൂദിലോ ആണെങ്കിൽ, അവർ എഴുന്നേററു നിൽക്കുന്നതുവരെ മുന്നോട്ടോ, പിന്നോട്ടോ നീങ്ങേണ്ടതില്ല. മുന്നോട്ടു നീങ്ങാൻ–അല്ലെങ്കിൽ പിന്നോട്ടു നീങ്ങാൻ–മാത്രമേ, ഇടുങ്ങിയ സ്ഥലമായതുകൊണ്ടു സാധിക്കുന്നുള്ളുവെങ്കിൽ സൗകര്യമുള്ളപോലെ നീങ്ങണം. തുടക്കത്തിൽ ഇമാമോടൊപ്പം രണ്ടു പുരുഷന്മാർ–അല്ലെങ്കിൽ ഒരു പുരുഷനും ഒരു കുട്ടിയും–ഉണ്ടെങ്കിൽ ഇമാമിന്റെ നേരെ പിന്നിലാണവർ നിൽക്കേണ്ടത്. അതുപോലെ ഒരു സ്ത്രീയോ, അല്ലെങ്കിൽ കുറെ സ്ത്രീകളോ ആണുള്ളതെങ്കിൽ അവരും ഇമാമിന്റെ നേരെ പിന്നിൽ നിൽക്കണം. ഒരു സ്ത്രീയും ഒരു പുരുഷനുമാണ് ഇമാമോടൊപ്പമുള്ളതെങ്കിൽ, പുരുഷൻ ഇമാമിന്റെ വലഭാഗത്തും, സ്ത്രീ ആ പുരുഷന്റെ പിന്നിലും നിൽക്കണം. ഇനി ഇമാമിന്റെ കൂടെ ഒരു സ്ത്രീയും, രണ്ടു പുരുഷനും–അല്ലെങ്കിൽ ഒരു പുരുഷനും ഒരു ആൺകുട്ടിയും ആണുള്ളതെങ്കിൽ, രണ്ടു പുരുഷന്മാർ–അല്ലെങ്കിൽ ഒരു പുരുഷനും,

പുരുഷൻമാരുടെ തൊട്ടുപിറകെ ഒരു മറപോലുമില്ലാതെ നിൽക്കണമെന്നാണല്ലോ ഇത്തരം ഉദ്ധരണികൾ പഠിപ്പിക്കുന്നത്. ഇക്കാര്യം മഹല്ലി തന്നെ ഒന്നുകൂടി വ്യക്തമാക്കുന്നത് നോക്കൂ:

(മഹല്ലി പരിഭാഷ: 2/184)




— 184 —

ഇമാമിന്റെ പിന്നിൽ ആദ്യം പുരുഷന്മാരും പിന്നെ ആൺകുട്ടികളും പിന്നെ സ്ത്രീകളുമാണ് അണിനിരക്കേണ്ടത്. നബിതിരുമേനി (സ) പറയുന്നു: പ്രായപൂർത്തിയും ബുദ്ധിയുമുള്ളവർ എന്നോടടുത്തു നിൽക്കട്ടെ. പിന്നെ അവരോടടുത്തവർ. (ഈ വാക്ക് തിരുമേനി മൂന്നുതവണ ആവർത്തിച്ചു) (മുസ്ലീം)

മഹല്ലി തന്നെ മറ്റൊരു സ്ഥലത്ത് പറയുന്നു:

(മഹല്ലി പരിഭാഷ: 1/407)




-407-

പുരുഷന്മാരുടെ പിന്നിൽ സ്ത്രീകൾ നിസ്കരിക്കുന്നുണ്ടെങ്കിൽ അവർ പിരിഞ്ഞുപോകുന്നതുവരെ പുരുഷന്മാർ അവിടെത്തന്നെ ഇരിക്കലും സുന്നത്താണ്. ഇതിന്നാധാരം ബുഖാരി(റ) റിപ്പോർട്ടുചെയ്ത 'ഇത്തിബാഅ്' (മാതൃക) ആകുന്നു. നബിതിരുമേനി (സ) യും കൂടെയുള്ള പുരുഷൻമാരും അങ്ങിനെ ചെയ്തിരുന്നുവെന്ന് അതിൽ പറയുന്നു.

നിസ്കാരം കഴിഞ്ഞാൽ അവരവർക്ക് ആവശ്യമുള്ള ഭാഗത്തേക്ക് പിരിഞ്ഞുപോകലാണ് സുന്നത്ത്. ഒരു ഭാഗത്തേക്കും പോകേണ്ട ആവശ്യമില്ലാത്തവർ വലത്തു ഭാഗത്തേക്കാണ് പോകേണ്ടത്. കാരണം അതു നബി തിരുമേനി(സ)ക്ക് ഇഷ്ടകരമായ ഭാഗമാണ്.

ഈ ഉദ്ധരണികളിൽ നിന്നും പുരുഷൻമാരും സ്ത്രീകളും സ്വഫ്ഫ് (അണി) നിൽക്കുമ്പോൾ യാതൊരുവിധ മറയുമില്ലെന്നും ഇരുകൂട്ടർക്കും ഒരേ വഴി മാത്രമാണെന്നും വ്യക്തമാണ്. അതുകൊണ്ടാണല്ലോ പിരിഞ്ഞുപോകുമ്പോൾ കൂടിക്കലരാതിരിക്കാൻ വേണ്ടി ആദ്യം സ്ത്രീ പോകണമെന്നും അതുവരെ പുരുഷൻമാർ അവിടെ ഇരിക്കണമെന്നും പറയുന്നത്. ഇടയിൽ മറയുണ്ടെങ്കിലോ അല്ലെങ്കിൽ രണ്ടു കൂട്ടരും രണ്ടുഭാഗങ്ങളിലോ ആണെങ്കിലും കൂടുക്കലരുന്ന പ്രശ്നമുദിക്കുന്നില്ലല്ലോ.

ചുരുക്കത്തിൽ സ്ത്രീകൾക്ക് പള്ളികളിൽപോയി നമസ്കരിക്കാമെന്നും പുരുഷൻമാരുടെ ജമാഅത്തിൽ അവരെ തുടർന്ന് നമസ്കരിക്കാമെന്നും ഒരു മറപോലുമില്ലാതെ തന്നെ പുരുഷൻമാരുടെ തൊട്ടുപിന്നിൽ നിൽക്കാമെന്നും മേൽ ഉദ്ധരണികൾ വ്യക്തമാക്കുന്നു. എന്നിട്ടും ഇത്തരം കിതാബുകൾ ഓതിപ്പഠിപ്പിക്കുന്ന മുസ്ല്യാക്കന്മാരാണ് പറയുന്നത് സ്ത്രീകൾക്ക് പള്ളിയുമായി ബന്ധമില്ലെന്ന്! വല്ലാത്തൊരു കാപട്യം തന്നെ....!!!

തുടരും..